ഈടാക്കിയ പലിശ സംഘത്തിന്റെ ചീഫ് എക്സിക്യൂട്ടീവിൽ നിന്നും ഈടാക്കേണ്ടതാണെന്നും നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ സഹകരണ സംഘം രജിസ്ട്രാറുടെ 13-11-2010-ലെ കത്ത് പ്രകാരം സഹകരണ സംഘം രജിസ്ട്രാർ നിർണ്ണയിച്ച് നൽകുന്നതിൽ കൂടുതൽ പലിശ നിക്ഷേപങ്ങൾക്കും വായ്പകൾക്കും നൽകിയിട്ടില്ലെന്നും/ഈടാക്കുന്നില്ലെന്നും ഉറപ്പാക്കുന്നതിന് സഹകരണ സംഘം രജിസ്ട്രാർ നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്. ഇത് ഉറപ്പാക്കുന്നതിനായി സംസ്ഥാനമൊട്ടാകെയുള്ള സംഘങ്ങളിൽ പരിശോധന നടത്തി വരുന്നു.

(സി) സംസ്ഥാനമൊട്ടാകെ 413 സംഘങ്ങളിൽ നിക്ഷേപങ്ങൾക്ക് അധിക പലിശ നൽകുന്നതായും, വായ്പകൾക്ക് അധിക പലിശ ഈടാക്കുന്നതായും പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ സഹകരണ സംഘം രജിസ്ട്രാറുടെ 51/10 നമ്പർ സർക്കുലർ പ്രകാരം അധിക പലിശ നൽകിയ തുക സംഘത്തിന്റെ ചീഫ് എക്സിക്യൂട്ടീവിൽ നിന്നും ഈടാക്കുന്നതിനും വായ്പകൾക്ക് അധികം ഈടാക്കിയ പലിശ വായ്പക്കാരന് തിരികെ നൽകുകയോ, വായ്പ കണക്കിൽ ക്രമപ്പെടുത്തി കൊടുക്കുകയോ ചെയ്യുന്നതിന് ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഡി) അമിതമായി നിക്ഷേപങ്ങൾക്കും, വായ്പകൾക്കും, നൽകിയതും ഈടാക്കിയതുമായ പലിശ സംഘത്തിന്റെ ചീഫ് എക്സിക്യൂട്ടീവിൽ നിന്നും ഈടാക്കുന്നതിന് ബന്ധപ്പെട്ട സംഘങ്ങൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. വായ്പകളിന്മേൽ അധികമായി ഈടാക്കിയ പലിശ ഗുണഭോക്താക്കൾക്ക് തിരികെ നൽകുന്നതിനോ, വായ്പാക്കാരന്റെ പേരിൽ നിലവിലുള്ള മറ്റ് വായ്പാ അക്കൗണ്ടുകളിലേക്ക്, വരവു വയ്ക്കുന്നതിനോ ജോയിന്റ് രജിസ്ട്രാർമാർ നിർദ്ദേശം നൽകിയിട്ടുണ്ട്. നിർദ്ദേശം പാലിക്കുന്നുണ്ടെന്ന് ഉറപ്പാക്കാൻ ജോയിന്റ് രജിസ്ട്രാർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

സഹകരണ ബാങ്ക്, സംഘങ്ങൾ എന്നിവയിലെ നിക്ഷേപങ്ങളുടെ പലിശ നിരക്ക്

11 (974) ശ്രീ. എ. എം. യൂസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സഹകരണ ബാങ്ക്, സംഘങ്ങൾ എന്നിവയിലെ നിക്ഷേപങ്ങളുടെ പലിശനിരക്ക് എത്രയാണെന്ന് വ്യക്തമാക്കുമോ :

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സഹകരണ മേഖലയിൽ നിക്ഷേപങ്ങളും വായ്പകളും എത്ര വർദ്ധിച്ചുവെന്ന് വ്യക്തമാക്കുമോ :

(സി) ഈ സർക്കാരിന്റെ കാലയളവിൽ സഹകരണ മേഖലയ്ക്ക് ഓരോ വർഷവും നബാർഡിൽ നിന്ന് എത്ര രൂപയുടെ സഹായം ലഭിച്ചിട്ടുണ്ട് ?

ഉത്തരം

(എ) കേരള സംസ്ഥാന സഹകരണ ബാങ്കും, സംസ്ഥാനത്തെ ജില്ലാ സഹകരണ ബാങ്കുകളും, പ്രാഥമിക വായ്പാ സഹകരണ സംഘങ്ങളും/ബാങ്കുകളും, സർവ്വീസ് സഹകരണ ബാങ്കുകളും സ്വീകരിക്കുന്ന സ്ഥിര നിക്ഷേപങ്ങൾക്ക് നൽകാവുന്ന പരമാവധി പലിശ നിരക്കുകൾ ശതമാന കണക്കിൽ ചുവടെ പറയുന്നു:

LIBRARY ARCHIVES Kerala Legislative Assembly

നിക്ഷേപങ്ങളുടെ കാലാവധി	കേരള സംസ്ഥാന സഹകരണ ബാങ്ക്	ജില്ലാ സഹകരണ ബാങ്കുകൾ	പ്രാഥമിക വായ്പാ സഹകരണ സംഘങ്ങൾ/ ബാങ്കുകൾ, സർവ്വീസ് സഹകരണ ബാങ്കുകൾ
15 ദിസം മുതൽ 45 ദിവസം വരെ	4.50	4.75	5.00
46 ദിവസം മുതൽ 90 ദിവസം വരെ	5.00	5.25	5.50
91 ദിവസം മുതൽ 179 ദിവസം വരെ	6.75	7.00	7.25
180 ദിവസം മുതൽ 364 ദിവസം വരെ	8.00	8.25	8.50
1 വർഷവും അതിനുമേലും	9.00	9.25	9.50

മേൽ പരാമർശിച്ച കാലവധിയിലുള്ള നിക്ഷേപങ്ങൾക്കുപുറമേ കേരള സംസ്ഥാന സഹകരണ ബാങ്കിലും, സംസ്ഥാനത്തെ ജില്ലാ സഹകരണ ബാങ്കുകളിലും, പ്രാഥമിക വായ്പാ സഹകരണ സംഘങ്ങളിലും/ബാങ്കുകളിലും 13-1-2011 മുതൽ 28-2-2011 വരെയുള്ള കാലയളവിൽ നടത്തുന്ന 100 പൂർണ്ണ ദിവസം കാലാവധിയുള്ള നിക്ഷേപങ്ങൾക്ക് 9 ശതമാനം നിരക്കിലും, 300 പൂർണ്ണ ദിവസം കാലാവധിയുള്ള നിക്ഷേപങ്ങൾക്ക് 9.50 ശതമാനം നിരക്കിലും പലിശ ലഭിക്കുന്നതാണ്. മേൽ പരാമർശിച്ചിട്ടുള്ള നിക്ഷേപ പദ്ധതികളിൽ മുതിർന്ന പൗരന്മാർ നടത്തുന്ന നിക്ഷേപങ്ങൾക്ക് ½ ശതമാനം നിരക്കിൽ അധിക പലിശ ലഭിക്കുന്നതാണ്. പ്രാഥമിക വായ്പാ സഹകരണ സംഘങ്ങൾ/ബാങ്കുകൾ ജില്ലാ സഹകരണ ബാങ്കുകളിൽ നടത്തുന്ന നിക്ഷേപങ്ങൾക്ക് പ്രാഥമിക വായ്പാ സഹകരണ സംഘങ്ങൾ/ബാങ്കുകൾ നൽകുന്ന നിരക്കിൽ പലിശ ലഭിക്കുന്നതാണ്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സഹകരണ മേഖലയിലെ നിക്ഷേപ ബാക്കി നിൽപ്പിൽ 39703.02 കോടി രൂപയുടെ വർദ്ധനവും വായ്പ ബാക്കി നിൽപ്പിൽ 23886.81 കോടി രൂപയുടെയും വർദ്ധനവും ഉണ്ടായിട്ടുണ്ട്.

(സി) ഈ സർക്കാരിന്റെ കാലയളവിൽ സഹകരണ മേഖലയ്ക്ക് ഓരോ വർഷവും നബാർഡിൽ നിന്ന് ലഭിച്ച സഹായം ചുവടെ പറയുന്നു:

LIBRARY ARCHIVES Kerala Legislative Assembly

(തുക രൂപ കോടിയിൽ)

വർഷം	കേരള സംസ്ഥാന സഹകരണ ബാങ്ക് മുഖേന	കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്ക് മുഖേന		ആകെ
	ഹ്രസ്വകാല കാർഷിക വായ്പ	ഹ്രസ്വകാല കാർഷിക വായ്പ	ദീർഘകാല കാർഷിക വായ്പ	
2006-07	264.19	62.70	95.76	422.65
2007-08	545.00	55.48	85.53	686.01
2008-09	113.00	45.51	290.15	448.66
2009-10	...	74.87	177.91	252.78
2010-11	...	44.41	215.87	260.28
ആകെ	922.19	282.97	865.22	2070.38

സഹകരണ സംഘങ്ങളിലെ ഗഹാൻ സമ്പ്രദായം

12 (975) ശ്രീ. ജോർജ് എം. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഏതെല്ലാം ക്ലാസിഫിക്കേഷനുള്ള സഹകരണ സംഘങ്ങൾക്കാണ് നിലവിൽ 'ഗഹാൻ' സമ്പ്രദായം ചെയ്യുന്നതിന് അനുമതി നൽകിയതെന്ന വിശദാംശം ലഭ്യമാക്കുമോ ;

(ബി) മിസലേനിയസ് ക്ലാസിഫിക്കേഷനുള്ള സഹകരണ സംഘങ്ങൾക്ക് 'ഗഹാൻ' സൗകര്യം ഏർപ്പെടുത്തുന്ന കാര്യം പരിഗണനയിലുണ്ടോ ;

(സി) എങ്കിൽ ഇത്തരം സംഘങ്ങൾക്ക് 'ഗഹാൻ' സൗകര്യം ഏർപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) സംസ്ഥാന സഹകരണ ബാങ്ക്, ജില്ലാ സഹകരണ ബാങ്ക്, പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘം, പ്രാഥമിക ഭവന നിർമ്മാണ സഹകരണ സംഘം, അർബൻ സഹകരണ ബാങ്ക്, വായ്പാ ഇടപാട് നടത്തുന്ന ഏതൊരു പ്രാഥമിക സഹകരണ സംഘം എന്നീ വിഭാഗത്തിൽപ്പെട്ട സഹകരണ സംഘങ്ങൾക്കാണ് ഗഹാൻ പദ്ധതി ഇപ്പോൾ ബാധകമാക്കിയിട്ടുള്ളത്.

(ബി&സി) എല്ലാ മിസലേനിയസ് സഹകരണ സംഘങ്ങളും വായ്പാ ഇടപാട് നടത്തുന്നില്ല. എന്നാൽ വായ്പാ ഇടപാട് നടത്തുന്ന മിസലേനിയസ് സഹകരണ സംഘങ്ങൾക്ക് 'ഗഹാൻ' സൗകര്യം നടപ്പിലാക്കിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly